# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:664** **04.04.2018-ൽ മറുപടിയ്ക്ക്**

## തീരദേശ വികസന കോർപ്പറേഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ഐ.ബി. സതീഷ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി) എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ വികസനത്തിനായി അടിസ്ഥാന സൗകര്യ വികസനം മത്സ്യവിതരണ വിപണനരംഗത്തെ ആധുനിക വൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതി കൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽ സുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. |
| ബി) തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യ-മാനവശേഷി വികസനത്തിനായി കെ.എസ്.സി.എ.ഡി.സി. എത്ര കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്നും അതിൽ ഏതെല്ലാം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ; | ബി) 2015-16, 2016-17, 2017-18 എന്നീ സാമ്പത്തികവർഷങ്ങളിലായി "മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്ന പദ്ധതിയിലുൾപ്പെടുത്തി 79.84 കോടി രൂപയുടെ 49 പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 14.56 കോടി രൂപയുടെ 16 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഇവയിൽ നബാർഡിന്റെ ധനസഹായം ലഭിക്കുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

- നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 17 ൽ ഉൾപ്പെടുത്തി 2011-12 സാമ്പത്തിക വർഷത്തിൽ 1089.00 ലക്ഷം രൂപയുടെ 9 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 6 പദ്ധതികൾ പൂർത്തീകരിക്കുകയും 1 എണ്ണം പുരോഗമിക്കുകയും 2 എണ്ണം പ്രദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് പകുതിയിൽ നിർത്തുകയും ചെയ്തു.
- ട്രാഞ്ചേ 19 ൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ 12381.49 ലക്ഷം രൂപയുടെ 120 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 81 പദ്ധതികൾ പൂർത്തീകരിച്ചു. 10 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 7 എണ്ണം ആരംഭിക്കേണ്ടതുണ്ട്. 22 എണ്ണം ഉപേക്ഷിക്കുന്നതിനുവേണ്ട നടപടിയും സ്വീകരിച്ചു വരുന്നു.
- ട്രാഞ്ചേ 20 ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ 2597.96 ലക്ഷം രൂപയുടെ 23 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 8 പദ്ധതികൾ പൂർത്തീകരിച്ചു. 11 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു, 2 എണ്ണം ആരംഭിക്കേണ്ടതുണ്ട്, 2 എണ്ണം ഉപേക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- ട്രാഞ്ചേ 22 ൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ 3174.00 ലക്ഷം രൂപയുടെ 11 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 8 പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 3 എണ്ണം ആരംഭിക്കേണ്ടതുമുണ്ട്.
- ട്രാഞ്ചേ 23 ൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 1443.38 ലക്ഷം രൂപയുടെ 4 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2 പദ്ധതികൾ ടെണ്ടർ ചെയ്തു. 2 എണ്ണം ടെണ്ടർ ചെയ്യേണ്ടതുണ്ട്.

| | |
|---|---|
| ഡി) ദീർഘകാലമായി പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തി അവ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികളുടെ നിർവ്വഹണത്തിനായി പ്രത്യേക അവലോകന യോഗങ്ങൾ മാസം തോറും സംഘടിപ്പിക്കുകയും പദ്ധതികൾ നിർദ്ദിഷ്ട പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. എന്നാൽ പ്രദേശവാസികളുടെ എതിർപ്പ്, ഫണ്ടിന്റെ ലഭ്യതക്കുറവ്, കോടതിയിൽ നിലനിൽക്കുന്ന കേസുകൾ, പദ്ധതി പ്രദേശം നിർവ്വഹണത്തിനായി കൈമാറി ലഭ്യമാകാത്ത അവസ്ഥ തുടങ്ങിയ കാരണങ്ങളാൽ ചില പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വരാറുണ്ട്. ടി പദ്ധതികളുടെ തടസ്സങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ